പൂർണ്ണമായി തടയണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരള സർക്കാർ വിവിധ ഏജൻസികൾ വഴി കയറ്റുമതി ചെയ്യാനുദ്ദേശിക്കുന്ന 25000 ടൺ ഷീറ്റ്, 25000 ടൺ ക്രമ്പ്, 25,000 ടൺ ലാറ്റക്സ് എന്നിവയ്ക്ക് കിലോ ഗ്രാമിന് 8 രൂപ നിരക്കിൽ സബ്സിഡി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2001 സീസണിൽ കൊപ്രയ്ക്ക് കിന്റലിന് 4600 രൂപയായി പ്രഖ്യാപിക്കണമെന്നും കേന്ദ്രം പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്ക് കർഷകരിൽനിന്നും നാഫെഡ് വഴി പച്ചത്തേങ്ങ ശേഖരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവന്ന വിദ്യാഭ്യാസ രംഗത്തെ വർദ്ധിച്ച ചുമതലകൾ

22 (*82) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവന്ന വിദ്യാഭ്യാസ രംഗത്തെ വർദ്ധിച്ച ചുമതലകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് കൈവന്ന വിദ്യാഭ്യാസ ചുമതലകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ചുമതലകൾ നിറവേറ്റാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സജ്ജമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(എഫ്) വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിന് തദ്ദേശഭരണ സമിതികളെ സഹായിക്കാൻ ജനകീയ വിദ്യാഭ്യാസ സമിതികൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ ചുമതലകൾ നൽകിയിട്ടുണ്ടോ ;

(എച്ച്) വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായം ലഭ്യമാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ഭരണ സമിതികൾക്ക് വിദ്യാഭ്യാസ രംഗത്തെ ചുമതലകളുടെ നിർവഹണത്തിനായി ആവശ്യമായ പരിശീലനം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളുടെ നടത്തിപ്പാണ് വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതല.

(സി) ഗ്രാമപഞ്ചായത്തുകൾ അതതുസ്ഥലത്തെ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളും മുനിസിപ്പൽ സ്ഥാപനങ്ങൾ അതതു സ്ഥലത്തെ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും ടെക്നിക്കൽ സ്കൂൾ, പോളിടെക്നിക് എന്നിവയും നടത്തുന്നു. അക്കാഡമിക്ക് കാര്യങ്ങളും അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളും വിദ്യാഭ്യാസ വകുപ്പുതന്നെയാണ് കൈകാര്യം ചെയ്യുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കുവാൻ തക്കവണ്ണം അവ സജ്ജമാക്കിയിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് അവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാര പരിധിക്കുള്ളിൽ വരുന്ന വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക പ്രശ്നങ്ങൾ ഉള്ളതായി തദ്ദേശ ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി 18-9-85-ലെ സ.ഉ.(അ)189/95/തഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജില്ലാ പഞ്ചായത്തുതലത്തിൽ 15ൽ കുറയാതെയും 21-ൽ കവിയാതെയുമുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു വിദ്യാഭ്യാസസമിതി രൂപീകരിക്കേണ്ടതാണെന്നും ഈ സമിതിയിൽ പഞ്ചായത്തംഗങ്ങൾക്കു പുറമേ എസ്.സി./എസ്. ടി. ബാക്ക്വേർഡ് കമ്മ്യൂണിറ്റി ആന്റ് മൈനോറിറ്റി, പി.റ്റി.എ., ഡിഗ്രി കോളേജ് പ്രിൻസിപ്പൽ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ അദ്ധ്യാപകരുടെ ഒരു പ്രതിനിധി എന്ന ക്രമത്തിൽ മറ്റംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നും ജില്ലാ തലത്തിൽ പ്രൊഫഷണൽ കോളേജുകൾ ഒഴികെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനുള്ള അധികാരം ഈ സമിതിയിൽ നിക്ഷിപ്തമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ജി) പൊതു വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചുമതലയൊന്നും നൽകിയിട്ടില്ല.

(എച്ച്) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) വിദ്യാഭ്യാസ രംഗത്തെ ചുമതലകൾ ഉൾപ്പെടെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകളുടെ നിർഹവണത്തിനാവശ്യമായ പരിശീലനം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകാനായാണ് 'കില' മുതലായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഇത്തരം പരിശീലന ക്ലാസ്സുകൾ നടത്താറുണ്ട്.

**ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം**

23 (*83) ശ്രീ. എ. അലി ഹസ്സൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ:
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആവശ്യമായ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ മേഖലയിൽ ബോട്ടിലിംഗ് പ്ലാന്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യം ബിവറേജസ് കോർപ്പറേഷന്റെ പാർലറുകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മദ്യ വ്യവസായ രംഗത്ത് സ്വകാര്യ വിദേശ കുത്തകകളെ പൂർണ്ണമായി ഒഴിവാക്കി സർക്കാർ മേഖലയിൽ മദ്യം ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പര്യാപ്തമായ രീതിയിൽ നിലിവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കോർപ്പറേഷന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്താൻ കോർപ്പറേഷൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിദേശ മദ്യത്തിനുള്ള ഓർഡറുകൾ നൽകുന്ന വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമാക്കി വിൽപന നടക്കുന്നമുറയ്ക്കു തന്നെ ഓർഡറുകൾ റിപ്ലെയിനിംഗ് വ്യവസ്ഥയിൽ (വില്പനയ്ക്കനുസൃതമായി തുടർച്ചയായി) കുറവു നികത്തിക്കൊണ്ടിരിക്കുന്ന സമ്പ്രദായം നൽകാൻ നടപടി സ്വീകരിച്ചു.

2. പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാനായി കൂടുതൽ കാര്യക്ഷമമായ പദ്ധതികളിൽ നിക്ഷേപം നടത്തി.



LIBRARY ARCHIVES Kerala Legislative Assembly